തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിക്ക് ജനറേറ്റർ

462. [576] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ.വി. സുരേന്ദ്രനാഥ് :
ശ്രീമതി. ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിക്ക് ആവശ്യമായ കപ്പാസിറ്റിയുള്ള ഒരു ജനറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നുവോ ; എങ്കിൽ എന്നാണ് തീരുമാനിച്ചത് ;

(ബി) അതനുസരിച്ച് ജനറേറ്റർ എന്നാണ് വാങ്ങിയത് ;

(സി) പ്രസ്തുത ജനറേറ്റർ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) 1980 മാർച്ച് മാസം 22-ാം തീയതിയാണ് ടി ആശുപത്രിക്കാവശ്യമായ കപ്പാസിറ്റിയുള്ള ജനറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചത്.

(ബി) 1984 ഡിസംബർ മാസം 20-ാം തീയതിയാണ് ജനറേറ്റർ വാങ്ങിയത്.

(സി) ജനറേറ്റർ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത ജനറേറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്വിച്ച് ബോർഡുകൾക്കും കേബിളുകൾക്കും ടെണ്ടർ വിളിക്കുകയും ഗവൺമെന്റ് ജി.ഒ. (ആർ.റ്റി) 348/85/എച്ച്. ഡി. തീയതി 31-1-1985 എന്ന ഓർഡർ പ്രകാരം സ്വിച്ച് ബോർഡും കേബിളും വാങ്ങുവാനായി അനുമതി നൽകി. സ്വിച്ച് ബോർഡിനു ഓർഡർ നൽകിയ കമ്പനി ബോർഡ് എത്തിച്ചെങ്കിലും ഡിപ്പാർട്ടുമെന്റിന്റെ സ്പെസിഫിക്കേഷനോടുകൂടിയ ബോർഡുകളല്ലാത്തതിനാൽ കമ്പനിക്ക് പേയ്മെന്റ് നിരസിക്കുകയും ആവശ്യമായ മാറ്റങ്ങൾ കമ്പനി സ്ഥലത്തുവച്ച് ചെയ്തു കൊണ്ടിരിക്കുകയുമാണ്. ഇത് ഒരു മാസത്തിനകം തീരുന്നതാണ്. മാറ്റു ചില ബോർഡുകൾക്ക് സപ്ലൈ ഓർഡർ നൽകിയ കോയമ്പത്തൂരിലെ ഓരു കമ്പനി ബോർഡുകൾ സപ്ലൈ ചെയ്യാതിരിക്കുകയും പ്രസ്തുത ബോർഡുകൾക്ക് വീണ്ടും ടെണ്ടർ വിളിച്ച് സപ്ലൈ ഓർഡർ നൽകുകയും 60 ദിവസത്തിനകം സ്വിച്ച് ബോർഡുകൾ കിട്ടുന്നതുമാണ്. പ്രസ്തുത ജോലിക്കാവശ്യമായ കേബിളുകൾ പണി സ്ഥലത്തെത്തിയിട്ടുണ്ട്. ജനറേറ്റർ റൂമിൽ നിന്നും മെഡിക്കൽ കോളേജിലെ വിവിധ ബ്ലോക്കുകളിലേക്ക് കേബിളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ടുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ജനറേറർ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സ്കീം ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് അംഗീകരിച്ചിതുവരെയും കിട്ടിയിട്ടില്ല. 1954-ൽ സ്ഥാപിച്ച മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഇലക്ട്രിക്കൽ ഇൻസ്റലേഷനും ഈ ജോലിയോടൊപ്പ സ്റാൻ ഡേർഡൈസ് ചെയ്യണം എന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ് ആവശ്യ പ്പെട്ടിട്ടുണ്ട്. ഇതുകൂടാതെതന്നെ 1984-85 സാമ്പത്തിക വർഷത്തിൽ ആവശ്യ മായ ലറർ ഓഫ് ക്രെഡിറ് ലഭ്യമാകാത്തതുകൊണ്ടും വർഷാവസാനം പ്രയ്മെൻറ് ബാൻ (Payment ban) വന്നതും 1985-86-ൽ ബഡ്ജറ് പ്രൊവിഷൻ ഇല്ലാതിരുന്നതുകൊണ്ടും മേൽ ജോലിക്ക് കാലതാമസം നേരിട്ടു. കഴിയുന്നതും വേഗം ജനറേറർ പ്രവർത്തിപ്പിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

താലൂക്ക് ആശുപത്രികളിലെ പ്രവർത്തിക്കാത്ത എക്സ്റേ യൂണിറുകൾ

463. [577] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്തെല്ലാം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിലെ എക്സ്റേ യൂണിറുകളാണ് പ്രവർത്തിക്കാത്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) എക്സ്റേ യൂണിറ് ഇല്ലാത്ത താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ടെലഫോൺ തകരാറുമൂലം നേരിട്ടു വിവരം ശേഖരിക്കാൻ പ്രയാസമായിരിക്കുന്നു. മറുവഴി വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

കോഴിക്കോട് ഡെൻറൽ കോളേജ്

464. [578] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡെൻറൽ കോളേജ് എന്നുമുതലാണ് പ്രവർത്തനം തുടങ്ങിയത് ;

LIBRARY ARCHIVES Kerala Legislative Assembly